LIBRARY ARCHIVES Kerala Legislative Assembly

(ബി) വായ്പാ തട്ടിപ്പ്, സ്വർണപ്പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ?

(എ&ബി) സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പുവരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശനവ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വായ്പാ തട്ടിപ്പ്, സ്വർണ്ണപ്പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(സി) ക്രിമിനൽ സ്വഭാവമുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിക്കണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ കരുവന്നൂർ സഹകരണ ബാങ്കിൽ 2018-19 വർഷത്തിലെ ഓഡിറ്റിൽ ക്രമേക്കേട് കണ്ടെത്തിയിട്ടും പോലീസിനെ അറിയിക്കുന്നതിൽ വീഴ്ചവരുത്തിയതായി പറയപ്പെടുന്ന സാഹചര്യം വിശദമാക്കാമോ?

സംഘങ്ങളിലെ പ്രവർത്തനത്തിൽ വരുന്ന ക്രിമിനൽ സ്വഭാവമുള്ള കേസുകൾ cognizable ആണ്. ആയതിനാൽ ക്രിമിനൽ നടപടിക്രമം പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. കരുവന്നൂർ സഹകരണ ബാങ്കിൽ 2018-19 വർഷത്തെ ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകളെക്കുറിച്ച് സഹകരണ നിയമം അനുസരിച്ചുള്ള വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു.

സഹകരണ ബാങ്കുകൾ മുഖേന പെൻഷൻ വിതരണം

10(*460) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പെൻഷൻ വിതരണം കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ സഹകരണ ബാങ്കുകൾ മുഖേനയാക്കിയിട്ടുണ്ടോയെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളുടെ പെൻഷൻ സഹകരണ ബാങ്കുകൾവഴി എന്നുമുതൽ നൽകിത്തുടങ്ങിയെന്ന് അറിയിക്കുമോ?

(എ&ബി) 2018 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം സഹകരണ ബാങ്കുകൾ മുഖേന നിർവ്വഹിച്ചുവരുന്നു.

(സി) കിടപ്പുരോഗികളും ഗുരുതരമായ രോഗം ബാധിച്ചവരും ബാങ്കിൽ നേരിട്ടെത്തി പെൻഷൻ വാങ്ങുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ ഇവർക്ക് എ. ടി. എം. സൗകര്യമോ ചെക്ക് ലീഫോ ഉപയോഗിച്ച് പെൻഷൻ തുക പിൻവലിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

നിലവിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ ചെക്ക് മുഖേനയുള്ള ഇടപാടുകൾക്ക് അനുവാദമില്ല. എന്നാൽ എ.ടി.എം സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള സംഘങ്ങളിൽനിന്നും പെൻഷൻകാർ ആവശ്യപ്പെടുന്നപക്ഷം ടി സൗകര്യം ബാങ്കുകൾ നൽകിവരുന്നുണ്ട്. എല്ലാ ബാങ്കിലും എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല.

വ്യവസായ ആവശ്യത്തിന് പാട്ടഭൂമി

11(*461) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. ജോയി:
ശ്രീ. എൻ. കെ. അക്ബർ.: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യവസായ ആവശ്യത്തിന് ഭൂമി പാട്ടത്തിന് നൽകുന്നതു സംബന്ധിച്ച ഏകീകൃത നയത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് വ്യവസായാവശ്യത്തിന് ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച ഏകീകൃത നയ രൂപീകരണത്തിനുള്ള കരട് നയം സർക്കാർ പരിഗണിച്ചുവരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.